ഇന്ത്യൻ തൊഴിലാളി

# ജില്ലാതല ലേഖകൻമാർ



**SETHUMADHAVAN KOTTAKKAL**
Malappuram



**ANANTHAPURI MANIKANDAN**
Thiruvananthapuram
Ph: 9447552056
email-mkananthapuri@gmail.com



**AJIN P VARGHESE**
Pathanamthitta
Ph:9020573948
email- ajin.varghese9@gmail.com



**R PUSHKARAN**
Pathanamthitta
Ph: 9446116662



**VENUGOPALAN K.P**
Kannur
Ph: 854719961



**YOOSAF SHAJI**
Malappuram
Ph: 8590800100

## ലീഡറുടെ പടയോട്ടങ്ങൾ ഓർക്കുക

ഈ തെരഞ്ഞെടുപ്പ് കാലത്ത് ലീഡറുടെ പടയോട്ടങ്ങൾ ഓർമ്മിപ്പിച്ച തിന് നന്ദി. ഇതുപോലെ പഴയകാലത്തെ മറ്റ് ലീഡർമാരുടെ പടയോട്ടങ്ങൾ തുടർ ന്നുള്ള ലക്കങ്ങളിൽ കാണാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പി. ജോസഫ് മാർട്ടിൻ, നെയ്യാറ്റിൻകര**

## കമ്മ്യൂണിസ്റ്റുകൾ കരിങ്കാലികളാകുന്ന കാലം

കമ്മ്യൂണിസ്റ്റുകൾ കരിങ്കാലികളാകുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. അധികാരം കയ്യിലുള്ള കമ്മ്യൂണിസ്റ്റുകൾ സ്വേച്ഛാധിപതികളേക്കാൾ അപകടകാരികളാണെന്ന് അനുഭവത്തിലൂടെ നമ്മൾ അറിഞ്ഞു കഴിഞ്ഞു. അടിസ്ഥാന വർഗ്ഗമായ ആശാപ്രവർത്തകരുടെ സമരം പൊളിക്കാൻ സർക്കാരും പാർട്ടിയും കാട്ടിക്കൂട്ടിയ കോപ്രായങ്ങൾ ഒരു പ്രബുദ്ധ ജനതയ്ക്ക് വച്ചുപൊറുപ്പിക്കാൻ കഴിയുന്നതില്ല.

ഇടതുപക്ഷം കരിങ്കാലികളായ ഒരു പതിറ്റാണ്ടിന്റെ കഥപറഞ്ഞ ബിന്ദു കൃഷ്ണയ്ക്ക് അഭിനന്ദനങ്ങൾ.

**ആശലത, വൈക്കം**

## സി.പി.എം തിരുത്തൽവാദികളുടെ പിടിയിലോ?

'നേതൃത്വത്തെ അണികൾ തിരുത്തിത്തുടങ്ങി' എന്ന പ്രദീപ് മേനോന്റെ ലേഖനം അച്ചട്ടായി. 'അച്ചട്ട്' എന്ന വാക്ക് അല്പം അന്ധവിശ്വാസം പേറുന്ന വാക്കാണ്. പക്ഷേ ആ ലേഖനം വന്നതിന് ശേഷമുള്ള സി.പി.എമ്മിലെ സംഭവവികാസങ്ങൾ വില യിരുത്തുമ്പോൾ അച്ചട്ടായി എന്ന വാമൊഴി പ്രയോഗമാണ് അന്വർത്ഥമെന്ന് തോന്നുന്നു.

കെ. കുഞ്ഞികൃഷ്ണന്റെ 'നേതൃത്വത്തെ അണികൾ തിരുത്തണം' എന്ന പുസ്തകത്തെ പരിചയപ്പെടുത്തുമ്പോഴാണ് സി.പി.എമ്മിൽ തിരുത്തൽ തുടങ്ങി എന്ന് സൂചിപ്പിക്കുന്ന ഒരു തലക്കെട്ട് മേനോൻ പ്രയോഗിച്ചത്. സ്ഥാനാർത്ഥി പട്ടികയെച്ചൊല്ലി എല്ലാ ജില്ലാ കമ്മിറ്റികളിലും വിവാദം കൊഴുക്കുമ്പോൾ തിരുത്തൽ അനിവാര്യം തന്നെയായി മാറുന്നു ഉന്നത നേതാക്കന്മാർ മത്സരിക്കേണ്ട സീറ്റുകളുടെ കാര്യത്തിൽ അണികൾ നേതൃത്വത്തെ തിരുത്താൻ തുടങ്ങി എന്നാണ് ഏറ്റവും ഒടുവിലത്തെ വാർത്താ ബുള്ളറ്റിനുകൾ സൂചിപ്പിക്കുന്നത്.

മേനോന്റെ ദീർഘദൃഷ്ടിയെ അഭിനന്ദിക്കുന്നു. ഇനിയും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**ബേബി കൊട്ടാരക്കര**